**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 195** **22-02-2022 - ൽ മറുപടിയ്ക്ക്**

**നവജാത ശിശുവിന്റെ മരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ 2021 ഡിസംബർ മാസം നവജാത ശിശു യഥാസമയം ചികിത്സ ലഭിക്കാതെ മരണമടഞ്ഞ സംഭവത്തിൽ ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ 2021 ഡിസംബർ മാസം നവജാത ശിശുമരണം സംഭവിച്ചിട്ടില്ല. എന്നാൽ 29.11.21 ന് ഉച്ചക്ക് പ്രസവത്തിനായി അഡ്മിറ്റ് ചെയ്ത വിതുര സ്വദേശിയായ 33 വയസ്സുള്ള ഗർഭിണി അന്നേ ദിവസം രാത്രി 9.05 ന് പ്രസവിക്കുകയും കുട്ടി മരണപ്പെടുകയും ഉണ്ടായിട്ടുണ്ട്. പ്രസവവേളയിൽ പൊക്കിൾക്കൊടി കുഞ്ഞിന്റെ കഴുത്തിൽ ചുറ്റിയിരിക്കുന്നതായി കാണപ്പെട്ട് ഗൈനക്കോളജിസ്റ്റ് തന്നെ കുട്ടിയെ പുറത്ത് എടുക്കുകയുമായിരുന്നു. പൊക്കിൾക്കൊടി കഴുത്തിൽ ചുറ്റിയിരുന്നതിനാൽ ജനനസമയത്ത് തന്നെ കുട്ടിക്ക് ഹൃദയമിടിപ്പ് ഇല്ലായിരുന്നു. |
| (ബി) | ജില്ലാ ആശുപത്രിയിലെ ഡോക്ടർ സ്വകാര്യ പ്രാക്ടീസ് നടത്തുകയായിരുന്നതിനാലാണ് യഥാസമയം ചികിത്സ ലഭിക്കാതെ കുട്ടി മരിക്കാനിടയായത് എന്ന ആക്ഷേപത്തിൻമേൽ അന്വേഷണം നടത്തിയിരുന്നോ; പ്രസ്തുത ഡോക്ടർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഡ്യൂട്ടിയിലില്ലാതിരുന്ന കൺസൾട്ടന്റ് ഗൈനക്കോളജിസ്റ്റിനെ വിളിച്ചു വരുത്തിയാണ് പ്രസവം നടത്തിയത്. നിബന്ധനകൾക്ക് വിധേയമായി ഡ്യൂട്ടി സമയത്തിന് ശേഷം സർക്കാർ ഡോക്ടർമാർക്ക് സ്വകാര്യ ചികിത്സ നടത്താൻ അനുവാദം നൽകപ്പെട്ടിട്ടുണ്ട്. എങ്കിൽ പോലും ആവശ്യം വേണ്ടി വരുന്ന ഘട്ടത്തിൽ ആശുപത്രിയിൽ നിന്ന് വിളിച്ചാൽ ഡോക്ടർമാർ ആശുപത്രിയിൽ കിടക്കുന്ന രോഗിക്ക് ചികിത്സ നൽകുവാൻ ബാധ്യസ്ഥരാണ്. സ്ഥാപനതല അന്വേഷണത്തിൽ ചികിത്സാപിഴവ് കണ്ടെത്തിയിട്ടില്ല. എങ്കിലും ബന്ധുക്കളുടെ പരാതി പ്രകാരം നെടുമങ്ങാട് പോലീസ് സ്റ്റേഷനിൽ കേസെടുത്ത് അന്വേഷണം നടത്തി വരുന്നുണ്ട്. |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസവത്തോടനുബന്ധിച്ചുള്ള മാതൃ ശിശു മരണങ്ങളും അപകടങ്ങളും കുറയ്ക്കുന്നതിലേക്കും തടയുന്നതിലേക്കുമായി കേരളത്തിലെ പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിലെ പ്രസവ മുറികളിൽ ആധുനിക സജ്ജീകരണങ്ങൾ |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തി ഡോക്ടർമാർക്കും ജീവനക്കാർക്കും പ്രത്യേക പരിശീലനം നൽകുന്ന ലക്ഷ്യ സ്റ്റാൻഡേർഡ് എന്ന ഗുണനിലവാര പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ